LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

30 (1428) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത് ;

(ബി) അതിൽ എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു മിച്ചം എത്ര എന്നത് സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന വിഹിതമായി കഴിഞ്ഞ ബഡ്ജറ്റിൽ (2014-15 സാമ്പത്തിക വർഷം) 40 കോടി രൂപയാണ് വകയിരുത്തിയത്.

(ബി) 40 കോടി രൂപയാണ് സംസ്ഥാന വിഹിതമായി അനുവദിച്ചത്. 40 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

31 (1429) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം ജോലി ചെയ്യുന്ന സമയക്രമം രാവിലെ ഒൻപത് മണി മുതൽ വൈകുന്നേരം നാലു മണി വരെ ആയി ക്രമീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I-ലെ ഖണ്ഡിക 4 (1) പ്രകാരം (21-7-2014 ലെ ഭേദഗതി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയുള്ള പ്രവൃത്തികളെങ്കിലും കാർഷിക/ കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കാർഷിക/അനുബന്ധ പ്രവൃത്തികൾ നിലവിൽ പദ്ധതിയിൽ ഏറ്റെടുത്ത് വരുന്നുണ്ട്.